**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്ന ചെറുകിട നാമമാത്ര കർഷകർക്ക് പകരം സംവിധാനം ഏർപ്പെടുത്തുന്നതിന്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1663/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി,19/06/2012**

---

**പരാമർശം:-** 1. 27.12.2011-ൽ ചേർന്ന സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ 11-ാമത് യോഗതീരുമാനം.

2. എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 04.05.2012 ലെ 9892/ഇജിഎസ്2/12/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

തൃശൂർ ജില്ലയിൽ ചെറുകിട നാമമാത്ര കർഷകരായ ഗുണഭോക്താക്കൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ബുദ്ധിമുട്ടുകൾ നേരിടുന്നതായുള്ള തൃശൂർ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്ററുടെ റിപ്പോർട്ട് സൂചന 1 ലെ സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ ചർച്ച ചെയ്യുകയും അതിന് പരിഹാരമായി അടിസ്ഥാന ഭൂനികുതി രസീത് ഹാജരാക്കിയാൽ മതിയാകുമെന്ന് ശുപാർശ ചെയ്ത. പ്രകാരം ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സൂചന 2 ലെ കത്ത് പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തൃശൂർ ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്ന ചെറുകിട നാമമാത്ര കർഷകർക്ക് അതിന് പരിഹാരമായി അടിസ്ഥാന ഭൂനികുതി രസീത് ഹാജരാക്കിയാൽ മതിയാകും എന്ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജി. ശിവപ്രസാദ്,
അഡീഷണൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ, തൃശൂർ.
4. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, തൃശൂർ.
5. ഡയറക്ടർ, ഐ.കെ.എം. ,(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.